**14-ാം കേരള നിയമ സഭ**

**11-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 18** **04-06-2018 -ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ. എം.ഉമ്മർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിലെ പ്രവേശനം സൗകര്യങ്ങളില്ലാത്തതിന്റെ പേരിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വിലക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിൽ വരുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ മെഡിക്കൽ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വിലക്കിയിട്ടില്ല. എന്നാൽ താഴെ പറയുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/കേന്ദ്ര സർക്കാർ വിലക്കിയിട്ടുള്ളതായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ് സൈറ്റിൽ പബ്ലിക് നോട്ടീസ് നൽകിയിട്ടുണ്ട്.<br>1)കേരള മെഡിക്കൽ കോളേജ്, പാലക്കാട്<br>2)S.R മെഡിക്കൽ കോളേജ്, വർക്കല<br>3)അൽ അസ്ഹർ മെഡിക്കൽ കോളേജ്, തൊടുപുഴ<br>4)DM വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വയനാട്<br>5)മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, പത്തനംതിട്ട.<br><br>ഗവ. മെഡിക്കൽ കോളേജ് പാലക്കാടിന്റെ അനുവാദ പത്രിക ഇതിനകം ലഭ്യമായിട്ടില്ല. |

(..........2)

(ബി) മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെ ഈ അദ്ധ്യയന വർഷത്തെ പ്രവേശനം വിലക്കിയിട്ടുണ്ടോ;

(ബി) ഇല്ല.

(സി) എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് എം.സി.ഐ ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) ചുവടെ ചേർത്തിരിക്കുന്ന കുറവുകൾ പരിഹരിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്.

1) നേഴ്സിംഗ് സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കൽ

2) ഒ.പി.ഡി, വാർഡുകൾ, കാഷ്വാലിറ്റി, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ നവീകരണം

3) സ്റ്റാറ്റിക് എക്സ്-റേ മെഷീനിന്റെയും സി.ടി സ്കാനിന്റെയും സ്റ്റുഡന്റ്സ്, റസിഡന്റ്സ്, നഴ്സ് ഹോസ്റ്റലുകളുടെയും അപര്യാപ്തത പരിഹരിക്കുക.

4) എം.ആർ.ഡി കംപ്യൂട്ടറൈസ്ഡ് ആക്കുക

(ഡി) ഈ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) 103 കോടി രൂപയുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ്, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കും 5.6 കോടി രൂപയുടെ പുതിയ ഒ.പി ബ്ലോക്ക് നിർമ്മാണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് കോംപ്ലക്സ് ആന്റ് റേഡിയോളജി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി 2.2 കോടി രൂപ വകയിരുത്തുകയും റസിഡന്റ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 3 കോടി രൂപ അനുവദിച്ചും നൽകിയിട്ടുണ്ട്. ആശുപത്രിയിൽ സി.ടി സ്കാൻ സൗകര്യം ഒരുക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 2.7 കോടി രൂപയും കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനായി 7

(.............3)

കോടി രൂപയും ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് ആശുപത്രി ഒ.പി നവീകരണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ